**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2033** **09-02-2023 - ൽ മറുപടിയ്ക്ക്**

**കുറ്റകൃത്യങ്ങളുടെ വിശദാംശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ ആകെ എത്ര ഗുണ്ടാ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും 2016 ജൂൺ മുതൽ 2022 ഡിസംബർ വരെ എത്ര ഗുണ്ടാ ആക്രമണങ്ങൾ നടന്നിട്ടുണ്ടെന്നുമുള്ള വിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ; | (എ) | വിവിധ ജില്ലകളിലായി 29 വരെ സംഘങ്ങളുണ്ട് എന്ന് കണക്കാക്കുന്നു. സംസ്ഥാനത്ത് ഗുണ്ടകളെയും സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നവരെയും സ്ഥിരം കുറ്റവാളികളെയും ലഹരിമാഫിയ സംഘങ്ങളെയും അമർച്ച ചെയ്യുന്നതിനായി "ഓപ്പറേഷൻ ആഗ്" (Accelerated action against Anti Socials & Goondas)) എന്ന പേരിലുള്ള പ്രത്യേക ഡ്രൈവ് നടന്നുവരുന്നു. ഇതിന്റെ ഭാഗമായി 08.02.2023 വരെ സംസ്ഥാനത്ത് 4085 സ്പെഷ്യൽ ഡ്രൈവുകൾ നടത്തുകയുണ്ടായി. രജിസ്റ്റർ ചെയ്ത 2030 കേസുകളിലായി 2172 പേർ അറസ്റ്റിലായിട്ടുണ്ട്. വിവിധ കേസുകളിൽ വാറണ്ടുള്ള 900 പ്രതികളെ അറസ്റ്റ് ചെയ്തു. ഈ നടപടി തുടരുവാൻ സംസ്ഥാന പോലീസ് മേധാവി കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പം ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 30.01.2023 വരെ കാപ്പ നിയമ പ്രകാരം 339 പേരെയും PIT NDPS പ്രകാരം 5 പേരെയും കരുതൽ തടങ്കലിൽ ആക്കിയിട്ടുണ്ട്.<br><br>ജില്ല തിരിച്ചുള്ള വിവരം അനുബന്ധം പട്ടിക 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | 2016 ജൂൺ മുതൽ 2022 ഡിസംബർ വരെ എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ട്; വർഷം തിരിച്ച് വിവരം ലഭ്യമാക്കുമോ; | (ബി) | വിശദവിവരം അനുബന്ധം പട്ടിക 2 ആയി ചേർക്കുന്നു. |
| (സി) | 2016 ജൂൺ മുതൽ 2022 ഡിസംബർ വരെയുള്ള സ്ത്രീ പീഡന കേസുകളുടെ എണ്ണം വർഷം തിരിച്ച് ലഭ്യമാക്കുമോ; | (സി) | വിശദവിവരം അനുബന്ധം പട്ടിക 3 ആയി ചേർക്കുന്നു. |
| (ഡി) | 2016 ജൂൺ മുതൽ 2022 ഡിസംബർ വരെ പോലീസ് പ്രതികളായ സ്ത്രീ പീഡന കേസുകൾ എത്ര; വർഷം തിരിച്ച് വിവരം ലഭ്യമാക്കുമോ? | (ഡി) | വിശദവിവരം അനുബന്ധം പട്ടിക 4 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## പട്ടിക 1

| ക്രമ നമ്പർ | ജില്ല | കേസുകളുടെ എണ്ണം |
|---|---|---|
| 1 | കാസർഗോഡ് | 1 |
| 2 | പാലക്കാട് | 2 |
| 3 | ഇടുക്കി | 2 |
| 4 | തിരുവനന്തപുരം | 47 |
| 5 | കൊല്ലം | 4 |
| 6 | ആലപ്പുഴ | 42 |
| 7 | കോട്ടയം | 14 |
| 8 | തൃശ്ശൂർ | 41 |
| 9 | എറണാകുളം | 11 |

## പട്ടിക 2

| 01.06.2016 മുതൽ 31.12.2016 | 2017 | 2018 | 2019 | 2020 | 2021 | 2022 |
|---|---|---|---|---|---|---|
| 195 | 329 | 307 | 335 | 323 | 355 | 355 |

## പട്ടിക 3

| 01.06.2016 മുതൽ 31.12.2016 | 2017 | 2018 | 2019 | 2020 | 2021 | 2022 |
|---|---|---|---|---|---|---|
| 8861 | 14263 | 13643 | 14293 | 12659 | 16199 | 18952 |

## പട്ടിക 4

| 01.06.2016 മുതൽ 31.12.2016 | 2017 | 2018 | 2019 | 2020 | 2021 | 2022 |
|---|---|---|---|---|---|---|
| 25 | 30 | 22 | 40 | 32 | 44 | 58 |